**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5042** — **23-03-2018 ലെ മറുപടി**

## നദികളും പുഴകളും ആറുകളും പുനരുദ്ധരിക്കുന്ന പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അനൂപ് ജേക്കബ്** | | **മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | ഹരിതകേരളം പദ്ധതിയോടനുബന്ധിച്ച് എത്ര നദികളും പുഴകളും ആറുകളുമാണ് പുനരുദ്ധരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ വലുതും ചെറുതുമായ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടവ വരട്ടാർ, പള്ളിക്കലാർ, കോലറയാർ, കൊട്ടൂർ - മീനന്തറയാർ - മീനച്ചിലാർ പുനർസംയോജനം, കാനാമ്പുഴയാർ എന്നിവയാണ്. |
| (ബി) | വരട്ടാറിന്റെ രണ്ടാംഘട്ടം പുനരുദ്ധാരണ പ്രവർത്തനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ഉണ്ട്; വരട്ടാറിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി വരട്ടാറിന്റെ ആഴം കൂട്ടി സ്വാഭാവിക ഒഴുക്ക് പുനസ്ഥാപിക്കൽ, തീരങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് തീരസംരക്ഷണം, വശങ്ങളിൽ ഇന്റർ ലോക്ക് പാകിയ നടപ്പാത നിർമ്മാണം, ജൈവ വൈവിധ്യ വനവൽക്കരണം എന്നിവ നടത്തുന്നതിനുമായി 7.70 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിലുൾപ്പെട്ട നടപ്പാത നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുകയും അതിന്റെ ടെൻഡർ നടപടികൾ പൂർത്തിയായി വരികയുമാണ്. കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള തീരസംരക്ഷണ പ്രവൃത്തിയുടെ സാങ്കേതികാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വരട്ടാറിന്റെ സ്വാഭാവിക ഒഴുക്ക് പുനസ്ഥാപിക്കുന്നതിന്റെ ഭാഗമായി നദിയിലെ എക്കലും മണ്ണും മറ്റും നീക്കം ചെയ്യുന്ന പ്രവൃത്തി പരിഗണനയിലാണ്.<br>വരട്ടാറിന്റെ സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള വിശദമായ ഒരു പദ്ധതി തയ്യാറാക്കി സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**